
Monthly Price Rs. 4/- 2008

# ബൈബിൾ ദൂതൻ



# Bible Truth

# ഒരു മനുഷ്യനു ക്രിസ്തുവിന്റെ സഭക്കു പുറത്തു രക്ഷയുണ്ടോ?

## സഭ എന്നാൽ വിളിക്കപ്പെട്ടവർ (കൊലൊസ്സ്യർ 1:13; പ്രവൃത്തികൾ 2:47)

## രക്ഷ എന്നാൽ “പാപമോചനം”

| | | | | | |
|---|---|---|---|---|---|
| ക്രിസ്തു<br>ഗലാ. 3:26-27<br>ദൈവം<br>അനുഗ്രഹി<br>ക്കുന്നു<br>എഫെ. 1:3 | ശരീരം<br>എഫെ 1:21-23<br>എഫെ. 1:13<br>1 കൊരി. 12:13<br>എഫെ. 5:23 | മുന്തിരിവള്ളി<br>യോഹ. 15<br>എഫെ. 2:10 | ഭവനം<br>1 തിമോ 3:15<br>അവകാശി<br>റോമ 8:17<br>ഗലാ 3:29 | പുതിയ<br>സൃഷ്ടി<br>2 കൊരി 5:17<br>പുതിയജനനം<br>യോഹ. 3:5<br>1 പത്രൊസ് 1:21 | നിരപ്പ്<br>ദൈവത്തോട്<br>എഫെ 2:13-16<br>പ്രവൃത്തി 2:47<br>ഏക ശരീരം<br>കൊലൊ. 1:18<br>രക്ഷയുണ്ട് |
| ↑ | ↑ | ↑ | ↑ | ↑ | ↑ |
| ലോകം<br>പാപങ്ങൾ<br>റോമ 6:23<br>വാഗ്ദാനങ്ങൾ<br>ഇല്ല<br>2 കൊരി. 1:20<br>രക്ഷയില്ല | തല ഇല്ല<br>ആത്മാവ് ഇല്ല<br>രക്തം ഇല്ല<br>മരിച്ചവർ...!<br>രക്ഷയില്ല | എല്ലാ തൈകളും<br>ആഹാരം<br>ഇല്ലാത്ത<br>ഭാവി<br>ഫലമില്ലാത്ത<br>എഫെ. 2:12<br>രക്ഷയില്ല | പാപത്തിന്റെ<br>ദാസന്മാർ<br>റോമ 6:16<br>രക്ഷയില്ല | ശത്രുക്കൾ<br>ദുഷ്<br>പ്രവർത്തി<br>ക്കാർ<br>കൊലൊസ്സ്യർ 1:21<br>രക്ഷയില്ല | രക്തമില്ല<br>സ്നേഹമില്ല<br>വിശ്വാസമില്ല<br>ആഹാരം ഇല്ല<br>തലയില്ല<br>ക്രിസ്തു ഇല്ല<br>രക്ഷയില്ല |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 23** **June 2008** **No.3**

## എഡിറ്റോറിയൽ

ആത്മിയത എന്തെന്നു തിരിച്ചറിയാത്തവരെ ആത്മിയതയുടെ മറവിൽ ചൂഷണം ചെയ്യുന്നവർ ധാരാളമുണ്ട്. അജ്ഞതയിൽ അന്ധമായി സഞ്ചരിക്കുന്നവരാണ് വഞ്ചിക്കപ്പെടുന്നത്. കുറ്റകൃത്യങ്ങൾ പലവിധത്തിൽ ആണ് നടക്കുന്നത്. പക്ഷെ കപട വേഷധാരികൾ പിടിക്കപ്പെടുന്നത് പണ്ടും ഉണ്ടായിട്ടുണ്ട്. പക്ഷെ ഇന്നു മാദ്ധ്യമങ്ങളുടെ പ്രചാരം സെൻസേഷണൽ വാർത്തകൾക്ക് കൊടുത്തു കൊണ്ടാണിരിക്കുന്നത്. എങ്ങനെയായാലും, അറിവില്ലായ്മ അറിവില്ലാത്തവർക്കു ദോഷം ചെയ്യും, എന്നതിൽ തർക്കമില്ല. ഏതു മതത്തിൽ പെട്ടവരായാലും ഏതു സംഘടനയിൽ പെട്ടവരായാലും ഇതു പൊതുവെ കാണപ്പെടുന്ന കുറ്റകൃത്യമാണ്. വിദ്യാസമ്പന്നരും ദരിദ്രരും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഉൾപ്പെടുന്നുണ്ട്. സമൂഹത്തിൽ ഉന്നതന്മാരെയും ഇക്കൂട്ടർ സ്വാധീനിക്കുന്നു. ഓരോരുത്തരുടേയും ബലഹീനവശം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന സാത്താൻ കൗശലക്കാരനാണ്. ഒരു വ്യക്തിയുടേയോ ഒന്നിലധികം വ്യക്തികളുടേയോ സ്വഭാവത്തെ കളങ്കപ്പെടുത്തുന്ന പ്രവണതയാണ് ഇതെന്നു തിരിച്ചറിയണം. അതിനു നേരായ അറിവും ദൈവഭയവും വേണം.

ആദ്യമായി എന്താണ് ആത്മിയത എന്നു തിരിച്ചറിയണം. അത്ഭുതങ്ങൾ നടത്തുവാനുള്ള കഴിവുണ്ടെന്നു തെറ്റിദ്ധരിപ്പിക്കുന്നവർ നമ്മുടെ ഇടയിലുണ്ട്. ദൈവം മുൻപു അത്ഭുതങ്ങൾ പ്രവർ

ത്തിച്ചിട്ടുണ്ട്. പഴയ നിയമ കാലത്ത് ധാരാളം അത്ഭുതങ്ങൾ സത്യ ദൈവം ആരെന്നു ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ നടത്തിയിട്ടുണ്ട്. യേശുക്രിസ്തു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ധാരാളം അത്ഭുതങ്ങളും അടയാളങ്ങളും വീര്യ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. അതു അവൻ ദൈവപുത്രനാണെന്നു ആളുകളെ വിശ്വസിപ്പിക്കേണ്ടതിനായിരുന്നു. അവന്റെ അപ്പൊസ്തലന്മാരും അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. അതു അവർ സംസാരിച്ച വചനങ്ങൾ ദൈവത്തിൽ നിന്നുള്ളവയാണെന്നു ഉറപ്പിക്കേണ്ടതിനായിരുന്നു. യേശുക്രിസ്തുവും അപ്പൊസ്തലന്മാരും ചെയ്ത അത്ഭുതങ്ങൾ എല്ലാം വാസ്തവത്തിലുള്ള അത്ഭുതങ്ങൾ ആയിരുന്നു. ഇന്ന് ആളുകൾ അവകാശപ്പെടുന്നതുപോലെ ആയിരുന്നില്ല. അതു കൂടാതെ തെളിയിക്കപ്പെട്ടതും ഉറപ്പിച്ചതും വീണ്ടും തെളിയിക്കുകയോ ഉറപ്പിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. അതുകൊണ്ടു ഇന്നു അത്ഭുതങ്ങളുടെ ആവശ്യമില്ല. ഇന്ന് ആളുകൾ ദൈവത്തെ അറിയേണ്ടതും ദൈവത്തിൽ വിശ്വസിക്കേണ്ടതും അവൻ അരുളിച്ചെയ്ത വചനം മുഖാന്തരമാണ്. ദൈവത്തിന്റെ ശക്തി ഇന്നു ലഭിക്കുന്നതു അവന്റെ വചനത്തിൽ കൂടെയാണ്. അതുകൊണ്ടു ആത്മിയതയുടെ അടിസ്ഥാനം ദൈവത്തിന്റെ വചനമാണ്.

മനുഷ്യരുടെ ഭാവനയോ, സങ്കല്പമോ, പാരമ്പര്യവിശ്വാസ പ്രമാണങ്ങളോ ഒന്നും ആത്മിയതയുടെ അടിസ്ഥാനമായി എടുക്കരുത്. യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാണ്. സകല മനുഷ്യരും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പിശാച് ലോകത്തെ സത്യവും അസത്യവും കൂട്ടിക്കുഴച്ചു കലക്കത്തിലാക്കിയിരിക്കയാണ്. പരിഹാരം സത്യം അറിയുക എന്നതാണ്. സത്യം അറിയുകയും സത്യം വിശ്വസിക്കുകയും സത്യം അനുസരിക്കുകയും ചെയ്യണം. ദൈവം അരുളിച്ചെയ്ത വചനമായ ബൈബിൾ മാത്രമാണ് ആധികാരികമായ സത്യം. പാപത്തിൽ നിന്നു സ്വാതന്ത്ര്യം നല്കുവാൻ സത്യത്തിനു മാത്രമെ കഴിയൂ. ഏതു പാപമായാലും പ്രതിവിധി ഇതാണ്. സത്യസന്ധമായ ജീവിതം നയിക്കുവാൻ സത്യമല്ലാതെ എന്താണ് ആവശ്യം? അകൃത്യം അഥവാ അധർമ്മം ഒരാളെ നശിപ്പിക്കും.

അയാളെ മാത്രമല്ല അയാളുടെ സ്വാധീന വലയത്തിൽ പെടുന്ന എല്ലാവരേയും അതു ബാധിക്കും. ഏതു രീതിയിലുള്ള കാപട്യമായാലും അതിനു ശിക്ഷയുണ്ട്. സ്വാർത്ഥലാഭത്തിനു മതഭക്തി ഉപയോഗിക്കുന്നവർ യഥാർത്ഥ ദൈവഭക്തിയില്ലാത്ത വരാണ്. കുറെ കഴിയുമ്പോൾ അവരുടെ ഇംഗിതം പുറത്തുവരും. സ്വന്തം ആത്മാവിനെ നശിപ്പിക്കുന്ന ഇത്തരം ആളുകൾ മറ്റു പലരെയും തങ്ങളുടെ ഇഛക്കു വശംവദരാക്കുവാൻ ഏതു മാർഗ്ഗവും സ്വീകരിക്കും.

ലക്ഷ്യബോധം നശ്വരമായിരിക്കുമ്പോൾ അതിനു അവർ സ്വീകരിക്കുന്ന മാർഗ്ഗം മോശമാകും. അവർ മാനസാന്തരപ്പെടു കയാണ് വേണ്ടത്. ശരിയായി നിലനില്ക്കുന്ന നിത്യജീവൻ എന്ന ലക്ഷ്യമാണ് അവരിൽ വരുത്തേണ്ടത്. ആത്മാവിന്റെ ചിന്തയാണ് എന്നേക്കും ജീവിക്കുക, അതു ദൈവത്തോടുകൂടെ ആകണം എന്നും വിചാരിക്കണം. ദൈവാത്മാവിന്റെ സഹായത്താൽ മാത്രമെ യഥാർത്ഥ ആത്മിയത ഉണ്ടാകൂ. ശരിയായ ആത്മിയത മനസ്സിലാക്കി യാലും പൂർണ്ണ സമർപ്പണം ഇല്ലെങ്കിൽ തെറ്റിപ്പോകും. വഴിതെറ്റി ക്കുന്ന ഘടകങ്ങൾ ആളുകളെ ആകർഷിക്കും. ആകർഷണവും മോഹന വാഗ്ദാനവും പ്രലോഭനവുമെല്ലാം ഉണ്ടാകും. ദൈവപുത്ര നായി വന്ന യേശുക്രിസ്തുവിനു പോലും പരീക്ഷണം ഉണ്ടായി ട്ടുണ്ട്. പക്ഷെ യേശു ദൈവവചനത്തെ പ്രായോഗികമായി അതിനെ നേരിട്ടു. നിങ്ങൾ സത്യദൈവത്തിൽ വിശ്വസിച്ചു, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപമോചനത്തിനായി സ്നാനം ഏല്ക്കുക. കർത്താവു നിങ്ങളുടെ ഏതു അധർമ്മവും ക്ഷമിക്കും. തുടർന്നു അവന്റെ സഭയിൽ അവന്റെ കല്പനകൾ പ്രമാണിച്ചു അന്ത്യംവരെ ജീവിക്കുക. അതിന്റെ ഫലമായി നിങ്ങൾക്കു വാഗ്ദാനം ചെയ്ത നിത്യജീവൻ ലഭിക്കും.

ഇന്ന് ആത്മിയതയുടെ പേരിൽ ചൂഷണവും അധാർമ്മികതയും വർദ്ധിച്ചുവരുന്നുണ്ട്. കാരണം ജനങ്ങൾ അധികവും സത്യത്തെ സ്നേഹിച്ച് കൈക്കൊള്ളാതിരിക്കുന്നു. എല്ലാ മാദ്ധ്യമങ്ങളിലും നിറഞ്ഞുനിൽക്കുന്ന വാർത്തകൾ ഇതിന്റെ പരിണിത ഫലങ്ങളാണ്. നിങ്ങൾ സത്യദൈവത്തിന്റെ അരുളപ്പാടുകളായ വചനം പരിശോധിച്ച് വിശ്വസിച്ച് ജീവിക്കുക.

✱

# ആരാധനയിൽ നിന്നു നാം എന്തെടുക്കുന്നു?

## J.C. ചോട്ട്

സത്യ നമസ്ക്കാരികൾ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നതായി ക്രിസ്തു പഠിപ്പിക്കയുണ്ടായി (യോഹന്നാൻ 4:24). കാരണം ദൈവം ആത്മാവാകുന്നു. പുതിയ നിയമത്തിൽ ദൈവം കല്പിച്ചിട്ടുള്ള ആരാധനാരീതിയെയാണ് ഇതു വ്യക്തമാക്കുന്നത്. രക്ഷിക്കപ്പെട്ട തന്റെ ജനം, കർത്താവിന്റെ സഭയിലുള്ള അംഗങ്ങൾ ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാൾ കൂടിവരികയും ദൈവത്തെ ആരാധിക്കയും വേണമെന്നാണ് ദൈവം ഇച്ഛിക്കുന്നത്. പ്രാരംഭ ക്രിസ്ത്യാനികൾ ഇപ്രകാരം ചെയ്തു വന്ന മാതൃക പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പ്രവൃത്തി 2:42; 20:7). അവർ കൂടി വന്നു പ്രാർത്ഥിക്കയും പാട്ടുപാടുകയും, പ്രസംഗം കേൾക്കയും, അപ്പം നുറുക്കുകയും, കൂട്ടായ്മ ആചരിക്കയും ധർമ്മശേഖരം നടത്തുകയും ചെയ്തു. മറ്റുള്ള വാക്യങ്ങളും ഇതിനോടു യോജിക്കുന്നവയായിട്ടുണ്ട് (എഫെസ്യർ 5:19; 2 തിമൊഥെയൊസ് 2:15; 1 കൊരിന്ത്യർ 16:2).

ആകയാൽ ആരാണ് ആരാധിക്കേണ്ടത്? ആരെയാണ് ആരാധിക്കേണ്ടത്? ഏതു ദിവസമാണ്, എങ്ങനെയാണ് ആരാധിക്കേണ്ടത് എന്നെല്ലാം തിരുവെഴുത്തിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആരുടെ അധികാരത്തിലാണ് അതു ചെയ്യേണ്ടത് എന്നും പ്രസ്താവിച്ചിട്ടുണ്ട്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടി വന്നാലും അവരുടെ മദ്ധ്യേ ഞാൻ ഉണ്ടാകും എന്നു കർത്താവു അരുളിച്ചെയ്തിട്ടുണ്ട് (മത്തായി 18:20). പഴയ നിയമത്തിൽ നിന്നും വ്യത്യസ്തമായ ആരാധനാ രീതിയാണ് ക്രിസ്തു നമുക്ക് നല്കിയിരിക്കുന്നത്. തികവുള്ള ഒരു യാഗം കഴിച്ചു സ്വർഗ്ഗത്തിൽ പ്രവേശിക്കയും പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായി തീരുകയും ചെയ്ത കർത്താവിന്റെ ആജ്ഞ ഈ കാര്യത്തിലും നാം ലാഘവത്തോടെ കാണരുത്. കാരണം സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും യേശുക്രിസ്തുവിനാണുള്ളത്.

ക്രിസ്ത്യാനികൾ ദൈവത്തെ ആരാധിക്കുവാൻ കൂടിവരണമെന്നു പറയുമ്പോൾ അതു ഒരു ചടങ്ങായി തീരരുത്. ശരിയായ മനോഭാവത്തിലായിരിക്കണം ആരാധന നടത്തുന്ന വ്യക്തി. ആ വ്യക്തിയിൽ സത്യം ഉണ്ടായിരിക്കണം. ഹൃദയം വിശുദ്ധമായിരിക്കണം. ദുശ്ചിന്ത ഉള്ളിൽ പാടില്ല. കോപമോ വിദ്വേഷമോ അസൂയയോ പ്രതികാരമോ ഇങ്ങനെ യാതൊരു നിഷേധ സ്വഭാവവുമില്ലാതെ വേണം ദൈവ സന്നിധിയിൽ എത്തുവാൻ. എളിമയോടെ വേണം ആരാധിക്കുവാൻ. ഞാൻ മറ്റുള്ളവരേക്കാൾ ഉയർന്നവൻ എന്ന തോന്നൽ പാടില്ല. ദൈവത്തെയും ക്രിസ്തുവിൽ ഉള്ള സഹോദരീസഹോദരന്മാരെയും ബഹുമാനിക്കത്തക്ക ഹൃദയം ഉണ്ടാകണം. ക്ഷമാ ശീലത്തോടുകൂടെ വേണം ദൈവത്തെ ആരാധിക്കുവാൻ. കർത്താവു നമ്മോടു ക്ഷമിച്ചതുപോലെ നാമും അന്യോന്യം ക്ഷമിക്കണം. ആരാധനക്കാരന്റെ ഹൃദയത്തിൽ സന്തോഷമാണ് ഉണ്ടാകേണ്ടത്. ശാഠ്യത്താലോ ദുരഭിമാനത്താലോ നാം ഒന്നും ചെയ്യരുത്. ആ സമയത്ത് ഒരാൾ പറയുന്നതും ചെയ്യുന്നതും ചിന്തിക്കുന്നതും ദൈവത്തെ പ്രസാദിപ്പിക്കുന്ന വിധമായിരിക്കണം. എങ്കിൽ മാത്രമെ അതുകൊണ്ടു പ്രയോജനം ലഭിക്കയുള്ളു.

ആരാധനയിൽ നാം ദൈവത്തിനു പുകഴ്ച്ച, സ്തുതി എന്ന ദാനം നല്കുന്നു. അതു ദൈവ സന്നിധിയിൽ സ്വീകാര്യമായി തീരുമ്പോൾ ദൈവം നമുക്കു പ്രത്യേകമായ അനുഗ്രഹങ്ങൾ നല്കുന്നു. ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ നാം ശരിയായ രീതിയിൽ അതായതു വചനപ്രകാരം ദൈവത്തെ ആരാധിച്ച് അവനെ പ്രസാദിപ്പിച്ചു മടങ്ങിപോകുമ്പോൾ നമ്മൾ പലതും കൊണ്ടു പോകുന്നു. അവയിൽ മുഖ്യമായവ എന്തെല്ലാമെന്ന് പരിശോധിക്കാം. ഒരുപക്ഷെ നിങ്ങൾ അതിനെ കുറിച്ച് അധികമൊന്നും ചിന്തിച്ചിരിക്കാനിടയില്ല. എന്നാൽ താഴെ പറയുന്നവ നമ്മുടെ അനുഭവത്തിൽ ലഭിക്കുന്നവയാണ്. ഈ അനുഗ്രഹങ്ങൾ ഒരിക്കലും നഷ്ടപ്പെടുത്തി കളയാതിരിക്കുക.

ദൈവത്തോടും സഹസഹോദരങ്ങളോടുമുള്ള കൂട്ടായ്മ നമ്മെ വലുതായി ശക്തിപ്പെടുത്തും. പരസ്പരമുള്ള ആശയവിനിമയം, സ്നേഹപ്രകടനം എന്നിവ നമ്മെ ഉത്തേജിപ്പിക്കും. നമ്മുടെ മനസ്സിനെ, ആത്മാവിനെ അതു ശക്തിപ്പെടുത്തും. നാം ഒറ്റക്കല്ല, നമ്മോടൊപ്പം തുല്യമായ മറ്റുള്ളവർ ഉണ്ടെന്ന തോന്നൽ നമ്മെ

ബലപ്പെടുത്തും. ഐകമത്യം മഹാബലം എന്നു പറഞ്ഞു കേട്ടിട്ടില്ലേ. അത് വാസ്തവമാണ്. ദൈവത്തോടു കൂടിയുള്ള ഈ ആത്മബന്ധം നമുക്കു കൂടുതൽ ബലം നല്കും. ആരോഗ്യകരമായ ക്രിസ്തീയ ജീവിതം തുടരുന്നതിനു ഇത് സഹായകരമാണ് എന്നതിൽ രണ്ടു പക്ഷമില്ല. പക്ഷെ ഇത് സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ ദോഷമാകും ഫലം എന്നു കൂടെ നാം ഓർക്കണം.

നാം കൂടി വരുമ്പോൾ ദൈവ വചനം പഠിക്കുന്നതുകൊണ്ട് ദൈവിക പരിജ്ഞാനത്തിൽ വളരെ അറിവു നേടിക്കൊണ്ടാണ് ആരാധന കഴിഞ്ഞ് നാം പോകുന്നത്. ദൈവ വചനം നമ്മുടെ ഹൃദയത്തിൽ സംഭരിച്ചുകൊണ്ടാണ് നാം മടങ്ങുന്നത് എന്നർത്ഥം. നാം നമ്മുടെ പിതാവിനോടു പ്രാർത്ഥിക്കുന്നുണ്ട്. കൂട്ടായ പ്രാർത്ഥന ദൈവത്തോടു നമ്മെ കൂടുതൽ അടുപ്പിക്കുന്നു. നാം ദൈവത്തെ പാടി പുകഴ്ത്തിയ സന്തോഷവുമായാണ് വീട്ടിലേക്കു പോകുന്നത്. കർത്തൃമേശയിൽ നിന്നു പങ്കെടുക്കുന്നതിലൂടെ നമുക്കു ലഭിച്ച വലിയ രക്ഷയുടെ മഹത്വം നാം പുതുക്കുന്നു. യേശുക്രിസ്തുവിനു കൊടുക്കേണ്ടിവന്ന വലിയ വില നാം ഓർത്തുകൊണ്ടു നമ്മെ ത്തന്നെ പുതുക്കിക്കൊണ്ടാണ് നാം പോകുന്നത്. അവസാനമായി ദൈവം നമുക്കു നല്കിയ ഭൗതികമായ നന്മകളിൽ നിന്നും ഒരോഹരി ദൈവത്തിനു കൊടുത്തുകൊണ്ടു അതിന്റെ ഫലം നമുക്കും മറ്റു ആത്മാക്കൾക്കും പ്രയോജനപ്പെടും എന്ന പ്രത്യാശയുമായാണ് നാം തിരിച്ചു പോകുന്നത്. ഇവയൊന്നും ഒരു ക്രിസ്ത്യാനിയെ ഉണർത്തി പ്രബലപ്പെടുത്തുന്നില്ലെങ്കിൽ പിന്നെ മറ്റെന്തിനു കഴിയും? മറ്റൊന്നിനും സാദ്ധ്യമല്ല.

ആരാധന കഴിഞ്ഞു പിരിഞ്ഞു പോകുമ്പോൾ നല്ലൊരു തയ്യാറെടുപ്പോടു കൂടിയാണ് നാം പോകുന്നത്. കർത്താവിനു വേണ്ടി നല്ല മാതൃകയുള്ള ജീവിതം നയിക്കുവാനും നാം ആരോടെല്ലാം ബന്ധപ്പെടുന്നുവോ അവരോടെല്ലാം നല്ല മനോഭാവത്തിൽ ഇടപെടുമെന്നും ദൈവ വചനം അറിഞ്ഞിട്ടില്ലാത്തവരോടു ദൈവത്തിന്റെ രക്ഷാമാർഗ്ഗം അറിയിക്കുവാൻ കിട്ടുന്ന അവസരം പാഴാക്കുകയില്ല എന്നുമുള്ള തീരുമാനത്തോടെയാണ് നാം പോകുന്നത്. ഇത്തരം ജീവിതം ക്രിസ്ത്യാനിത്വത്തെ അർത്ഥവത്താക്കും; അനുകരിക്കത്തെക്കതാക്കും. കർത്താവിൽ വിശ്വസ്തരായ ക്രിസ്ത്യാനികൾ ഫലം

പുറപ്പെടുവിക്കുന്നവർ ആയിരിക്കും. താൻ കാരണം ആരും നഷ്ട പ്പെട്ടു പോകരുത് എന്ന വിചാരം ഉണ്ടാകും. അങ്ങനെ ക്രിസ്തു മുഖാന്തരം സകല ആത്മികാനുഗ്രഹങ്ങളും ദൈവം നമുക്കു തരും (എഫെസ്യർ 1:3).

ആരാധനക്കു പോകുമ്പോൾ നിങ്ങൾ എന്താണ് കൊണ്ടു പോകുന്നത്? ആരാധനക്കുശേഷം നിങ്ങൾ എന്താണ് എടുത്തു കൊണ്ടു പോകുന്നത്? കൊടുത്താൽ മാത്രമേ നിങ്ങൾക്കു കിട്ടുകയുള്ളൂ. നിങ്ങളുടെ ഉത്തരം നിഷേധാത്മകമാണെങ്കിൽ ഞങ്ങളുടെ പ്രബോധനം എന്തെന്നാൽ നിങ്ങളുടെ ജീവിതത്തിൽ വേണ്ട മാറ്റം വരുത്തി ക്രിയാത്മക സ്വഭാവത്തിൽ ദൈവത്തെ പ്രസാദിപ്പിക്കുക. നിങ്ങൾ കർത്താവിൽ വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്താൽ രക്ഷിക്കപ്പെടും എന്നു കർത്താവ് അരുളിച്ചെയ്യുന്നു (മർക്കൊസ് 16:16). രക്ഷിക്കപ്പെടുന്നവരെ അവൻ തന്റെ സഭയോടു ചേർക്കുന്നു (പ്രവൃത്തി 2:47). അങ്ങനെ അവർ ദൈവമക്കളായി ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കും (യോഹന്നാൻ 4:23, 24). എത്ര നിസ്സാരം, എത്ര എളുപ്പം? പ്രതിഫലപ്രദവുമാണ്. നിങ്ങൾ പരിശ്രമിച്ചു നോക്കുക. നിങ്ങളുടെ ജീവിതത്തിൽ അത് യാഥാർത്ഥ്യമാകും സംശയിക്കുകയേ വേണ്ട.

✶

## *സ്ത്രീ പ്രാർത്ഥിക്കുമ്പോൾ മൂടുപടം ഇടണോ?*

### *ബെറ്റി. ബി.സി.*

ആരാധനയിലും പ്രാർത്ഥനയിലും സ്ത്രീ തന്റെ തല, തൊപ്പി കൊണ്ടോ മൂടുപടം കൊണ്ടോ മൂടിയിരിക്കണം എന്നു പറയുന്നവർ ഉണ്ട്. മറ്റുള്ളവർ പറയും അതിന്റെ ആവശ്യം ഇല്ല എന്ന്. ഈ കുഴപ്പത്തിനു കാരണം തലയെയും മൂടുപടത്തെയും സംബന്ധിച്ച് തെറ്റായി വ്യാഖ്യാനിക്കയും തെറ്റിദ്ധരിക്കയും ചെയ്തതുകൊണ്ടാണ് (1 കൊരിന്ത്യർ 11:3-16). "എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു,

സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം."

ഈ വേദഭാഗത്തിന്റെ ആരംഭത്തിൽ തന്നെ അധികാരം എന്ന ചോദ്യത്തിനുള്ള ഉത്തരം വിശദീകരിക്കയാണ്. തല മൂടുന്നതു രണ്ടാമതായി വരുന്ന കാര്യമാണ്. നിർദ്ദിഷ്ട അധികാരിക്കു കീഴ്പ്പെടുന്നതായിട്ടാണ് അത് ചർച്ച ചെയ്യപ്പെടുന്നതു. ദൈവ വ്യവസ്ഥയിൽ ഭൗതിക തലക്കു, ആത്മീയ തലയെ ആദരിക്കയും അനാദരിക്കയും ചെയ്യാം. അങ്ങനെ ഒരു പുരുഷനു തന്റെ തല മൂടിക്കൊണ്ടു അവന്റെ ആത്മീയ തലയായ ക്രിസ്തുവിനെ അപമാനിക്കാം. അതുപോലെ ഒരു സ്ത്രീക്കു തന്റെ തല മൂടാതെ അവളുടെ തലയായ ഭർത്താവിനെ അപമാനിക്കാം.

ആ വേദഭാഗം മറ്റെന്തു പഠിപ്പിച്ചാലും ശരി ദൈവം സ്ഥാപിച്ചിരിക്കുന്ന അധികാര ക്രമത്തെ നാം കണ്ടില്ലെന്നു നടിക്കരുത്. ഏതു തരത്തിലുള്ള മൂടുപടമാണ് വാസ്തവത്തിൽ ധരിക്കേണ്ടത് എന്നതിനെ കുറിച്ച് നാം വാദിക്കയും തർക്കിക്കുകയും ചെയ്താൽ ആത്മാർത്ഥതയോടെ നാം തെറ്റായ പര്യവസാനത്തിൽ എത്തിച്ചേരും. അതിനു ദൈവം ക്ഷമാപണം നല്കും. പക്ഷെ വ്യക്തമായി പഠിപ്പിച്ചിരിക്കുന്ന കാര്യം നാം കാണാതിരിക്കരുത്. ഏതു പുരുഷന്റേയും തല ക്രിസ്തു, ഏതു സ്ത്രീയുടേയും തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്ന ദൈവിക വ്യവസ്ഥയെ നാം അവഗണിക്കരുത്.

മൂടുപടം ഇട്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അപമാനിക്കുന്നു. മൂടുപടം ഇല്ലാതെ പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു. അത് അവൾ ക്ഷൗരം ചെയ്യിച്ചതു പോലെയല്ലൊ. സ്ത്രീ മൂടുപടം ഇടുന്നില്ലെങ്കിൽ മുടി കത്രിച്ചു കളയട്ടെ. കത്രിക്കുന്നതോ ക്ഷൌരം ചെയ്യിക്കുന്നതോ സ്ത്രീക്കു ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതല്ല. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു. പുരുഷൻ മുടി നീട്ടിയാൽ അതു അവനു അപമാനം എന്നും സ്ത്രീ മുടി നീട്ടിയാലോ അതു മൂടുപടത്തിനു പകരം നല്കിയിരിക്കകൊണ്ടു അവൾക്കു മാനം

ആകുന്നു എന്നും പ്രകൃതി തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ലയോ?

മുടി എങ്ങനെ കൈകാര്യം ചെയ്യണമെന്നു ദൈവം മാത്രമല്ല പറഞ്ഞിട്ടുള്ളത്. അത് ഒരു വ്യക്തിയുടെ ബന്ധത്തെ കാണിച്ചു കൊടുക്കുന്ന ഒരു രീതിയാണിത്. നമ്മുടെ ഹൃദയവുമായുള്ള നമ്മുടെ ബന്ധത്തെ സൂചിപ്പിക്കുന്ന പ്രവൃത്തിയാണത്. എല്ലാ ആചാരങ്ങളും മുടിയെ കുറിച്ചു പറയുന്നുണ്ട്. ചരിത്രത്തിൽ പോലും ഒരാളുടെ മുടി എങ്ങനെ സൂക്ഷിക്കുന്നു എന്നതിനെ പ്രതിപാദിക്കുന്നുണ്ട്. ഒരാളുടെ ജീവിതശൈലി, തീരുമാനങ്ങൾ, ധാർമ്മികത, മതപരമായ വിശ്വാസം എന്നിവ എടുത്തു കാണിക്കാറുണ്ട്.

പഴയനിയമം മുഴുവനും പുതിയ നിയമത്തിലെ യെഹൂദ പശ്ചാത്തലവും തല അനാവരണം ചെയ്യുക എന്നു പറഞ്ഞാൽ ക്ഷൗരം ചെയ്യുക എന്നതാണ് അർത്ഥമാക്കുന്നത് (ലേവ്യാ പുസ്തകം 10:1). നാദാബും അബീഹൂവും അവരുടെ അകൃത്യം നിമിത്തം കൊല്ലപ്പെട്ടപ്പോൾ അഹരോൻ മുടി ക്ഷൗരം ചെയ്യുന്നത് വിലക്കിയിരുന്നു. അവരുടെ ആചാരം അതായിരുന്നു. ഇയ്യോബിന്റെ മക്കൾ കൊടുങ്കാറ്റിൽ അകപ്പെട്ടു മരണമടഞ്ഞ വാർത്ത കേട്ടപ്പോൾ അവൻ തന്റെ വസ്ത്രം കീറി, തല ക്ഷൗരം ചെയ്യുകയുമുണ്ടായി.

പ്രാചീന റോമിലെ ഗ്യാലറിയിൽ ധാരാളം കൊത്തുപണികളും ചിത്രരചനയുമുണ്ട്. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വത്തെ പ്രതിനിധാനം ചെയ്യുന്നവയാണ് അവ. അവയിൽ ഒന്നിലും സ്ത്രീകൾ ആരാധിക്കുമ്പോൾ തല മൂടിയിരുന്നതായി കാണുന്നില്ല. അവരുടെ മുടി അവർക്കു ഒതുക്കവും തേജസ്സും ആയിരുന്നു.

മദ്ധ്യ നൂറ്റാണ്ടുകളോടെയാണ് റോമൻ കത്തോലിക്കാ സഭ രൂപം കൊണ്ടത്. ആ കാലയളവിലെ ചിത്രരചനകളിൽ മാത്രമാണ് ആരാധനയിൽ സ്ത്രീകൾ മൂടുപടം ഇട്ടിരിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നത്. കത്തോലിക്കാ സഭയിൽ നിന്നു വേർപിരിഞ്ഞ ചില നാമധേയ വിഭാഗങ്ങൾ ഇത് ഒരു മതപരമായ ആചാരമായി പരിശീലിപ്പിക്കപ്പെടുന്നുണ്ട്.

വിഗ്രഹാരാധകരായ അന്യമതക്കാർ അവരുടെ സ്ത്രീകളുടെ തൊഴിലിനനുസരിച്ച് തല മുണ്ഡനം ചെയ്യിക്കയോ മുടി വെട്ടിക്കുകയോ ചെയ്തിരുന്നു. കൊരിന്ത്യ പട്ടണത്തിൽ ഒന്നാം നൂറ്റാണ്ടിൽ ഈ സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഒരു ക്രിസ്തീയ

സ്ത്രീ അപ്രകാരം ചെയ്യുന്നതു ലജ്ജാകരമാണ്. കാരണം അവളും തന്റെ ഭർത്താവും തമ്മിലുള്ള ബന്ധത്തെ അവഗണിക്കാവുന്നതല്ല. മറ്റുള്ളവരുടെ ദൃഷ്ടിയിൽ അവൾ ആരാണെന്ന് ബോധ്യമാക്കേണ്ടതുണ്ട്.

ഇതിനു സമാന്തരമായ ചില സ്ത്രീകൾ പരിഷ്കൃത രീതിയിൽ മുടി വെട്ടി നടക്കാറുണ്ട്. ഒരിക്കലും ക്രിസ്തീയ വനിതകൾ വചന വിരുദ്ധമായ മാതൃക ഈ കാര്യത്തിൽ സ്വീകരിക്കാവുന്നതല്ല. അവൾ ഒരിക്കലും തനിക്കു ലജ്ജ ഉണ്ടാക്കുകയോ തന്റെ ഭർത്താവിനെ ആദരിക്കാതിരിക്കയോ ചെയ്തുകൂടാ. മുടി നീട്ടി വളർത്തുന്ന ഹിപ്പികൾ ഉണ്ട്. പുരുഷന്മാർക്കു നിഷിദ്ധമായ ഈ പരിഷ്ക്കാരം ക്രിസ്തീയ പുരുഷന്മാർക്കു ഭൂഷണമല്ല. ദൈവത്തിന്റെ വ്യവസ്ഥാപിതമായ അധികാരത്തെ അറിഞ്ഞു ബഹുമാനിക്കയും കീഴ്പ്പെട്ടിരിക്കയും ചെയ്യാൻ നാം ശീലിക്കണം.

"പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ; സ്ത്രീ പുരുഷനിൽ നിന്നത്രെ ഉണ്ടായത്. പുരുഷൻ സ്ത്രീക്കായിട്ടല്ല; സ്ത്രീ പുരുഷന്നായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടത്. ആകയാൽ സ്ത്രീക്കു ദൂതന്മാർ നിമിത്തം തലമേൽ അധീനതാ ലക്ഷ്യം ഉണ്ടായിരിക്കണം. എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല, സ്ത്രീയെ കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽ നിന്നു ഉണ്ടായതുപോലെ പുരുഷനും സ്ത്രീ മുഖാന്തരം ഉളവാകുന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ."

"ദൂതന്മാർ മുഖാന്തരം" എന്നു പറഞ്ഞാൽ അവർ ആരാണ്? വീണുപോയ ദൂതന്മാരാണ്.

✶

## യേശു പണിത സഭ

### ക്ലെം തർമാൻ

യേശുക്രിസ്തു ഭൂമിയിൽ ജീവിച്ചിരുന്ന സമയത്ത് തന്നെക്കുറിച്ച് ആളുകൾ എന്തു പറയുന്നു എന്നു തന്റെ ശിഷ്യന്മാരോടു ചോദിക്കയുണ്ടായി. "യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്തു

എത്തിയശേഷം തന്റെ ശിഷ്യന്മാരോടു ജനങ്ങൾ മനുഷ്യ പുത്രനെ ആർ എന്നു പറയുന്നു എന്നു ചോദിച്ചു. ചിലർ യോഹന്നാൻ സ്നാപകൻ എന്നും മറ്റു ചിലർ ഏലിയാവെന്നും വേറെ ചിലർ യിരെമ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നു അവർ പറഞ്ഞു. നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്നു അവൻ ചോദിച്ചതിനു ശിമോൻ പത്രൊസ്, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു: ബർയോനാ ശീമോനേ, നീ ഭാഗ്യവാൻ; ജഡ രക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു ഇതു വെളിപ്പെടുത്തിയതു. നീ പത്രൊസ് ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്ക യില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കു ന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നു ഉത്തരം പറഞ്ഞു (മത്തായി 16:13-19).

"ഞാൻ എന്റെ സഭയെ പണിയും" എന്ന കർത്താവിന്റെ വാഗ്ദാനം ഇന്നത്തെ ആളുകളായ നമുക്കു തിരിച്ചറിയുന്ന സ്ഥിതി നല്കിയിരിക്കയാണ്. മൂഢരായ ആളുകൾ ആരംഭം മുതൽ കർത്താവിന്റെ ഈ വാഗ്ദാനത്തോടു കൂട്ടു ചേർത്തു കൊണ്ടി രിക്കയാണ്. നല്ല ഉദ്ദേശത്തോടെയാണെങ്കിലും ജനങ്ങൾ സഭകൾ പണിയുവാൻ മത്സരിക്കുകയാണ്. ദിവസവും നവീന സഭകൾ ഉടലെടുക്കുകയാണ്. യേശുക്രിസ്തു ഏക സഭ മാത്രമെ പണിതുള്ളു. എങ്കിലും മനുഷ്യർ എണ്ണിക്കൂടാത്ത സഭകൾ ഉണ്ടാക്കിയിരി ക്കയാണ്. യേശുക്രിസ്തു ഇങ്ങനെയുള്ളവർക്കു എന്തു സംഭവി ക്കുമെന്നു മുന്നറിയിച്ചിട്ടുണ്ട്. "സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പിഴുതു പോകും" (മത്തായി 15:13). സഭ പണിയുവാൻ മത്സരം കാണിച്ചവരും കാണിച്ചുകൊണ്ടിരി ക്കുന്നവരും ഇതറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

**നാമധേയ വിഭാഗങ്ങൾ ക്രിസ്തുവുമായി മത്സരിക്കുന്നു**

ഏതാണ്ടു നാനൂറിൽ അധികം നാമധേയ വിഭാഗങ്ങൾ

ഉള്ളതായിട്ടുള്ള കണക്കാണ് എനിക്ക് ഒടുവിൽ കിട്ടിയത്. അവരെല്ലാം യേശുവിനെ പിൻപറ്റുന്നു എന്നു അവകാശപ്പെടുന്നവരാണ്. പക്ഷെ ഉപദേശത്തിലും, ആരാധനയിലും വ്യത്യാസം ഉണ്ട്. ധാരാളം അവകാശവാദങ്ങൾ ഇവരെല്ലാം നടത്തുന്നുണ്ട്. ചിലത് തങ്ങളാണ് സത്യസഭ എന്നു വാദിക്കുന്നു. മറ്റു ചിലതു പറയുന്നതു: എല്ലാ നാമധേയ വിഭാഗങ്ങളും സത്യസഭയുടെ ഭാഗങ്ങളാണ് എന്നത്രെ. സത്യസഭ എന്നൊന്നില്ല എന്നു പഠിപ്പിക്കുന്നവരും ഇല്ലാതില്ല. പക്ഷെ അവർ കർത്താവിന്റെ പ്രസ്താവനയെയും അപേക്ഷയെയും മറന്നിരിക്കയാണ്. ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ (യോഹന്നാൻ 17:20-21). യേശുക്രിസ്തു ഒരിക്കലും ആഗ്രഹിച്ചിട്ടില്ല ഒരു നാമധേയവിഭാഗം പോലും ഉണ്ടാകുവാൻ. എന്നാൽ കർത്താവിന്റെ ഹിതത്തിനു വിപരീതമായിട്ടാണ് ആളുകൾ അതുണ്ടാക്കിയിരിക്കുന്നത്.

വിശ്വാസികളെല്ലാം ഒന്നായിരിക്കേണ്ടതിന്റെ പ്രത്യേകതയെ അപ്പൊസ്തലനായിരുന്ന പൗലൊസ് ഓർപ്പിക്കുന്നുണ്ട്. ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ സൂക്ഷിക്കണം. കാരണം, ശരീരം ഒന്ന്, ആത്മാവ് ഒന്ന്, പിതാവ് ഒരുവൻ, കർത്താവും ഒരുവൻ മാത്രം. യേശുക്രിസ്തുവാണ് ശരീരത്തിന്റെ തല. സഭ എന്നത് കർത്താവിന്റെ ശരീരമാണ്. ഏക ശരീരത്തിന്റെ ഏക തലയാണ് ക്രിസ്തു (എഫെസ്യർ 4:3-6; കൊലൊസ്യർ 1:18). യേശു പണിതതായ സഭയുടെ തല ക്രിസ്തുവാണ്. മനുഷ്യർ പണിതതായ സഭകളുടെ തലകൾ എല്ലാം മനുഷ്യർ തന്നെ ആയിരിക്കും. കൊരിന്ത്യ സഭയിൽ ഭിന്നതയുണ്ടായപ്പോൾ പൗലൊസ് അതിനെ ഉടനെ ഖണ്ഡിക്കയുണ്ടായി. എല്ലാവരും ഒന്നു തന്നെ സംസാരിക്കയും ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു പറയുകയുണ്ടായി (1 കൊരിന്ത്യർ 1:10-13).

## ക്രിസ്തുവിന്റെ സഭയുടെ വാഗ്ദാനങ്ങൾ

യേശു പണിയുമെന്നു പറഞ്ഞ സഭയെ സംബന്ധിച്ച് പഴയ നിയമ പ്രവാചകന്മാർ നൂറിലധികം പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. "ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിക്കാത്ത രാജ്യം സ്ഥാപിക്കും അതു എന്നേക്കും നിലനില്ക്കും" (ദാനിയേൽ 2:44). ഞാൻ യെരുശലേമിൽ എന്റെ ആലയം പണിയും എന്നു യഹോവ അരുളിച്ചെയ്തു (സെഖര്യാവ് 1:16). അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും. സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും (യെശയ്യാവ് 2:2-3). ദൈവത്തിന്റെ ആലയം സഭയാണെന്നു അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിട്ടുണ്ട് (1 തിമൊഥെയൊസ് 3:15). അതു ദൈവത്തിന്റേയും ക്രിസ്തുവിന്റേയും രാജ്യമാണ് എന്നതും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതും സഭയിൽ പ്രവേശിക്കുന്നതും ഒരുപോലെയാണ്. മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിച്ച് അനുസരിക്കുക എന്നതാണ് ഉപാധി (എബ്രായർ 12:23; കൊലൊസ്സ്യർ 1:12-13, ലൂക്കൊസ് 24:47). അങ്ങനെ ആ പ്രവചനവും വാഗ്ദാനവും അനുസരിച്ച് കർത്താവു തന്റെ സഭയെ പണിതു.

## കർത്താവിന്റെ സഭയുടെ സ്ഥാപനം

അപ്പൊസ്തലന്മാരോടു കർത്താവു യെരുശലേമിൽ കാത്തിരിക്കാൻ ആവശ്യപ്പെട്ടതുപോലെ അവർ ചെയ്തു. പ്രവചനവും വാഗ്ദത്തവും അനുസരിച്ച് പെന്തെക്കൊസ്തു നാളിൽ കർത്താവു തന്റെ സഭ പണിതു (അപ്പൊസ്തല പ്രവൃത്തി) സ്ഥലം യെരുശലേം തന്നെയാണ്. പ്രവചിച്ചപോലെ റോമാ രാജാക്കന്മാരുടെ കാലയളവിൽ പരിശുദ്ധാത്മാവ് ശക്തിയോടെ അപ്പൊസ്തലന്മാരിൽ വരികയും തുടർന്നു വചനം കേട്ടു, വിശ്വസിച്ച്, മാനസാന്തരപ്പെട്ടു, പാപമോചനത്തിനായി സ്നാനമേറ്റവരെ കർത്താവു രക്ഷിക്കയും തന്റെ സഭയിലേക്കു ചേർക്കുകയും ചെയ്തു. അങ്ങനെയാണ് കർത്താവിന്റെ സഭയുടെ ആരംഭം. യെരുശലേമിൽ ആരംഭിക്കാത്തതും കർത്താവ് പണിയാത്തതും ആയ സഭകൾ ഒന്നും കർത്താവിന്റേതല്ല. ദൈവ

വചനത്തിൽ കർത്താവു അരുളിച്ചെയ്ത രക്ഷാ പദ്ധതി അനുസരിക്കുന്നവരെ മാത്രമെ കർത്താവു രക്ഷിക്കയുള്ളൂ. അവരാണ് കർത്താവിന്റെ സഭയിൽ ഉള്ളത്. പേരിൽ മാത്രം ക്രിസ്തുവിന്റെ സഭ എന്നറിയപ്പെട്ടാൽ പോരാ, വിശ്വാസ ത്തിൽ, ഉപദേശ ത്തിൽ, ആരാധനയിൽ, അനുഷ്ഠാനത്തിൽ എല്ലാം കർത്താവിന്റെ അധികാരം മാത്രമായിരിക്കണം ഉണ്ടാകേണ്ടത്.

## സഭയുടെ സംഘടന

### ഗ്യാരി. സി. ഹാമ്ടൺ

മതപരമായ ഒരു കൂട്ടത്തെ മറ്റു കൂട്ടങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുന്ന സ്വഭാവമാണ് അതിന്റെ സംഘടന. ഓരോ വിഭാഗത്തിനും പ്രാദേശികവും ദേശീയവുമായ സമീപനം വ്യത്യസ്തമാണ്. ഉദാഹരണമായി പറഞ്ഞാൽ, നസ്റേൻ സഭക്കു ഒരു പ്രതിനിധി ഭരണ രീതിയാണുള്ളത്. അവരുടെ സംഗ്രഹ ഗ്രന്ഥത്തിൽ പറയുന്നത്: ഞങ്ങൾ, സഭക്കു ഒരു മേലധികാരി ആവശ്യമാണെന്നും, സ്ഥാപിക്കപ്പെട്ട സഭയെ ശ്രദ്ധയോടെ കെട്ടുറപ്പോടെ നടത്തുക, എവിടെയെല്ലാം സഭകൾ സംഘടിപ്പിക്കണോ, അവയെ എല്ലാം പ്രോത്സാഹിപ്പിക്കയും ചെയ്യുക എന്നതാണ് അദ്ദേഹത്തിന്റെ കടമ എന്നും സമ്മതിച്ചിരിക്കുന്നു.

കത്തോലിക്കാ സഭയുടെ പരമാധികാരം മേലദ്ധ്യക്ഷനായ പോപ്പിൽ നിക്ഷിപ്തമാണ്. മറ്റു പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾക്കെല്ലാം അതതിന്റെ ഭരണ സംവിധാനങ്ങളാണുള്ളതു. ബിഷപ്പുമാർ, പാസ്റ്റർമാർ തുടങ്ങിയ രീതിയിൽ അറിയപ്പെടുന്ന മേലധികാരികൾ അവരുടെ സഭകളെ നിയന്ത്രിക്കയും ഭരിക്കയും ചെയ്യുന്നു. ഓരോന്നിനും പ്രത്യേക നിയമാവലികളും ഉണ്ട്. മാനുഷിക സിദ്ധാന്തങ്ങൾ അനുസരിക്കുന്ന നയ സമീപനങ്ങൾ എടുത്തിരിക്കുന്നതു കൊണ്ടാണ് ഇവക്കെല്ലാം വെവ്വേറെ ഭരണക്രമം കാണപ്പെടുന്നത്. എന്നാൽ നാം ചിന്തിക്കേണ്ട ഗൗരവമേറിയ കാര്യങ്ങൾ പലതും വിട്ടുകളയുന്നതായിട്ടാണ് അനുഭവപ്പെടുന്നത്. മതപരമായ കാര്യങ്ങളിൽ ഉള്ള അജ്ഞത ഒരു ഭാഗത്ത്. ഇങ്ങനെ ഒക്കെ മതി എന്ന തോന്നൽ

വേറൊരു ഭാഗത്ത്. ഇതാണ് ഇന്നത്തെ ക്രിസ്ത്യാനിത്വത്തെ ബാധിച്ചിരിക്കുന്ന രോഗം. ശരിയായ രീതിയിൽ ചികിൽസ നടത്തിയില്ലെങ്കിൽ അവസാനം പരിഹാരം തന്നെ അപ്രാപ്യമാകും. ദൈവം അരുളിച്ചെയ്തിരിക്കുന്ന സംവിധാനം ശ്രദ്ധിക്കുക.

**ക്രിസ്തുവാണ് സഭയുടെ തല**

സഭയെ സ്ഥാപിക്കുമെന്നു പറഞ്ഞത് ക്രിസ്തുവാണ് (മത്തായി 16:18). യേശുവിന്റെ ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷം അവന്റെ പിതാവിന്റെ സിംഹാസനത്തിലിരുത്തി കർത്താവും ക്രിസ്തുവുമാക്കി വെച്ചു തന്മൂലം അവൻ സഭയുടെ തലയായി തീർന്നു. "എല്ലാവാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽകീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കയും ചെയ്തിരിക്കുന്നു (എഫെസ്യർ 1:21-23). ആകാശത്തിലും ഭൂമിയിലും സകല അധികാരവും യേശുവിനു നല്കിയിരിക്കുന്നു. ഏക കർത്താവുമാണ് ഉള്ളത്. കർത്താവ് എന്നു പറഞ്ഞാൽ ഭരിക്കുന്നവൻ എന്നാണർത്ഥം. യേശുക്രിസ്തുവാണ് സഭയുടെ അധിപൻ. സഭയെ ഭരിക്കുവാൻ ക്രിസ്തു ഉള്ളപ്പോൾ മറ്റൊരു മാനുഷിക തലയുടെ ആവശ്യമില്ല അങ്ങനെ ചെയ്താൽ അതു ദൈവത്തിന്റെ അധികാരത്തെ നാം കയ്യിലെടുക്കുന്നതായി വരും. അതിനു ദൈവം ആരെയും അനുവദിക്കുന്നില്ല.

കർത്താവാണ് രക്ഷിക്കപ്പെടുന്നവരെ തന്റെ സഭയോടു ചേർക്കുന്നത് (പ്രവൃത്തി 2:47). അംഗത്വം വോട്ടിട്ടു തീരുമാനിക്കയോ, കമ്മിറ്റി തീരുമാനിക്കയോ ചെയ്തിട്ടല്ല ലഭിക്കുന്നത്. അതു ലോകത്തിലുള്ള എല്ലാവർക്കുമായി തുറന്നു വച്ചിരിക്കുന്നു (മർക്കൊസ് 16:15-16; റോമർ 1:16). തിരുവെഴുത്തിൽ സഭ എന്ന വാക്കു പ്രാദേശികമായ അർത്ഥത്തിലും സാർവ്വദേശീയമായ അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. ഇതു രണ്ടും ക്രിസ്തുവിന്റെ അധികാരത്തെ മാനിച്ച് അനുസരിച്ചവരും രക്ഷിക്കപ്പെട്ടവരും ആണ്. നാമധേയ വിഭാഗങ്ങൾ ബൈബിളിനു അന്യമാണ്. ദൈവ മനസ്സിൽ ഉണ്ടായതും ഇപ്പോൾ

ഉള്ളതും ഏക സഭയാണ്. അത് ഏതെങ്കിലും ഒരു പ്രദേശത്തുള്ള തായാലും ലോകത്തിൽ എല്ലാ സ്ഥലങ്ങളിലുമുള്ള മൊത്തത്തി ലുള്ള സഭയായാലും ശരി, പിതാവിന്റെ ഇഷ്ടം ചെയ്തു ജീവിക്കുന്നവരാണ് അവർ (റോമർ 16:16; 1 കൊരിന്ത്യർ 1:2; 1 തെസ ലൊനിക്യർ 1:1; ഗലാത്യർ 1:2). എല്ലാവരും ഏക വിശ്വാസത്തിലും ഏക രക്ഷാപദ്ധതിയിലും ഒതുങ്ങിനില്ക്കുന്നുവെങ്കിൽ കർത്താ വാകുന്ന തലക്കു കീഴ്പ്പെട്ടിരിക്കും. ദൈവം ആഗ്രഹിക്കുന്നതു മറ്റൊന്നല്ല.

**പ്രാദേശിക സഭയുടെ സംഘടന**

ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കടമയാണ് സുവിശേഷം സർവ്വ മനുഷ്യരോടും അറിയിക്ക എന്നത്. സുവിശേഷം അനുസരിക്കു ന്നവരെ കർത്താവ് രക്ഷിക്കയും സഭയോടു ചേർക്കുകയും ചെയ്യുന്നു. അവർ ക്രിസ്തുവിന്റെ അധികാരത്തിൻ കീഴിൽ ആയിരി ക്കണം. പുതിയ നിയമത്തിൽ ക്രിസ്തു പ്രഖ്യാപിച്ചിരിക്കുന്ന സംഘടി പ്പിക്കൽ ആയിരിക്കണം സഭക്ക് വേണ്ടത്. പുതിയ നിയമം ആരംഭിച്ച സമയത്ത് അപ്പൊസ്തലന്മാരും പ്രാരംഭ ക്രിസ്ത്യാനികളും ക്രിസ്തു വിന് കീഴ്പ്പെട്ടിരുന്നു. യെരുശലേമിലും യെഹൂദ്യയിലും ഉണ്ടായി രുന്ന സഭ അങ്ങനെ തന്നെയായിരുന്നു (പ്രവൃത്തി 6:1-4). പിന്നീട് വളരെ കാലം കഴിയുന്നതിന് മുൻപ് മൂപ്പന്മാരെ അഥവാ അദ്ധ്യക്ഷ ന്മാരെ നിയമിച്ചതായും നാം കാണുന്നുണ്ട് (പ്രവൃത്തി 11:27-30).

## *നാം കൊടുക്കേണ്ട കടം*

### *ജോണി രാംസെ*

നിങ്ങളുടെ സമ്മതം നോക്കാതെ നിങ്ങളുടെ ആത്മാവിനെ തട്ടിക്കൊണ്ടുപോയി അടിമയാക്കി വെക്കുന്നതിനെ കുറിച്ച് ഒന്ന് ഊഹിച്ചു നോക്കുക. അതു നമുക്കു സുഖകരമായ ഒരു ചിത്രമല്ല തരുന്നത്. എന്നാൽ അനേകരുടെ ആത്മീയ അവസ്ഥ അങ്ങനെ യാണെന്നു വ്യക്തമായി ബൈബിൾ തെളിയിക്കുന്നു. നമ്മെ

തട്ടിക്കൊണ്ടുപോയതു സാത്താനും അടിമയാക്കിയതു പാപത്തിനും ആണ് (റോമർ 7:13–14). എന്നാൽ ദൈവപുത്രനായ യേശു വന്നു നമ്മെ വീണ്ടെടുക്കുന്നതിനു വില കൊടുത്തു. എല്ലാവർക്കും വേണ്ടി അവൻ തന്നെത്തന്നെ മറുവിലയായി നല്കി (1 തിമൊഥെയൊസ് 2:6). ദൈവ ശക്തിയാൽ അവൻ കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേറ്റു. അവൻ ദൈവപുത്രൻ എന്നു തെളിയിക്കപ്പെട്ടു (റോമർ 1:4). യേശുവിന്റെ മരണവും ഉയിർപ്പും നമ്മെ അടിമത്വത്തിൽ നിന്നു മോചിപ്പിച്ചു (എഫെസ്യർ 4:8). അങ്ങനെ സാത്താനു മരണത്തിന്മേൽ ഉണ്ടായിരുന്ന ശക്തി കർത്താവു ഇല്ലാതാക്കി (എബ്രായർ 2:14).

**നമ്മുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമാണ് ക്രിസ്തു**

"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിനു മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിനും തന്നേ (1 യോഹന്നാൻ 2:1–2). അവൻ നീതിമാൻ ആകുന്നു. പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദി മുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവർത്തികളെ അഴിപ്പാൻ തന്നേ മനുഷ്യപുത്രൻ പ്രത്യക്ഷനായി (1 യോഹന്നാൻ 3:8).

ബലവാന്റെ വീട്ടിൽ കടന്നുചെന്നു അവന്റെ സാധനങ്ങളെ നശിപ്പിച്ചുകൊണ്ടു നമ്മുടെ രക്ഷകൻ സാത്താന്റെ മേൽ വിജയം നേടി (മത്തായി 12:29). ലോകത്തിലുള്ളതിനേക്കാൾ നമ്മിലുള്ള ദൈവ ശക്തി വലുതാകയാൽ കഴിഞ്ഞതെല്ലാം നീക്കി കളഞ്ഞു നമ്മുടെ സൃഷ്ടാവിനോടു പുനഃ സമാധാനത്തിലേർപ്പെടുവാൻ കഴിഞ്ഞു (1 യോഹന്നാൻ 4:4). ഇപ്പോൾ നമുക്ക് കർത്താവിന്റെ കൈ പിടിച്ച് അവനോടുകൂടെ നടക്കാം (കൊലൊസ്യർ 1:10). യേശുവിനോടു ഒരിക്കൽ ശത്രുത പുലർത്തിയിരുന്ന പൗലൊസ് സുവിശേഷം അനുസരിച്ചപ്പോൾ അവന്റെ പാപങ്ങൾ കഴുകി കളഞ്ഞു (പ്രവൃത്തി 22:16). പാപഭാരവും മത്സര സ്വഭാവവും അവനിൽ നിന്നു മാഞ്ഞു പോയി. തേജസേറിയ യേശുവിന്റെ രക്തത്തിന്റെ ശക്തി തർസൊസു കാരൻ ശൗലിനു ദൈവ ഭവനത്തിലേക്കു പ്രവേശിക്കുവാനുള്ള ഒരു

പാലമായി തീർന്നു (1 തിമൊഥെയൊസ് 1:12-15).

ദൈവം മനുഷ്യനെ നോക്കുമ്പോൾ ക്രിസ്തുവിനെ കൂടാതെയാണെങ്കിൽ മനുഷ്യനിൽ അഭംഗി വെളിപ്പെടുന്നു. മുമ്പെ നാമും ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും വഴി തെറ്റി നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിച്ചവരും ദ്വേഷിതരും അന്യോന്യം പകെക്കുന്നവരും ആയിരുന്നുവല്ലോ (തീത്തൊസ് 3:3), എന്നാൽ അതുകൊണ്ടുണ്ടായ ദുഃഖവും ഭാരവും നീങ്ങി പോകുവാനിടയായത് ക്രിസ്തു നമ്മെ വീണ്ടെടുത്തപ്പോഴാണ്. സ്വർഗ്ഗീയ പിതാവിന്റെ കരുണയും കൃപയും ആണ് അതു സാദ്ധ്യമാക്കി തീർത്തത്: അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല, തന്റെ കരുണ പ്രകാരമത്രെ രക്ഷിച്ചത് (തീത്തൊസ് 3:5). തന്റെ കൃപയാൽ നമ്മെ രക്ഷിക്കുന്നു - ഇവ രണ്ടിനും നമുക്ക് അർഹതയില്ല. ദൈവത്തിന്റെ കരുണയും കൃപയും ഇല്ലായിരുന്നെങ്കിൽ നമ്മുടെ സ്ഥിതി പരിതാപകരമാവുമായിരുന്നു.

**യേശുവിന്റെ രക്തത്താൽ നമ്മെ വിലയ്ക്കു വാങ്ങി**

ഇതെഴുതിയ അപ്പൊസ്തലനായ പൗലൊസ് നമ്മുടെ മനസ്സിനെ ഉണർത്തുന്നു. ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കൊരിന്ത്യർ 6:19-20). ക്രിസ്തു വലിയ വില കൊടുത്തു നമ്മെ വാങ്ങിയിരിക്കകൊണ്ടു നാം നമുക്കുള്ളവരല്ല. സാത്താന്റെ ആധിപത്യത്തിൽ നിന്നാണ് യേശു നമ്മെ വില കൊടുത്തു വാങ്ങിയത്.

എല്ലാം നഷ്ടപ്പെട്ടു നിരാശയിൽ കഴിഞ്ഞിരുന്നപ്പോഴാണ് ദൈവത്തിന്റെ മനസ്സലിവു നാം അറിഞ്ഞത്. നമ്മുടെ ആത്മാക്കളെ നഷ്ടപ്പെടുത്തിയത് പിശാചാണ്. എന്നാൽ ദൈവത്തിനു നമ്മിൽ തോന്നിയ അനുകമ്പ നിമിത്തം നമുക്കു വരേണ്ടിയിരുന്ന നാശം ഒഴിവാക്കി. ആരും നശിച്ചു പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. സത്യത്തിന്റെ പരിജ്ഞാനവും എല്ലാവർക്കും ഉണ്ടാകണമെന്നു

ദൈവം ആഗ്രഹിക്കുന്നു (1 തിമൊഥെയൊസ് 2:4). നമ്മെ വീണ്ടെടുത്തപ്പോൾ നാം സ്വതന്ത്രരായി തീർന്നു. ഇപ്പോൾ നാം സർവ്വ ശക്തനായ രാജാവിന്റെ മക്കൾ ആയിത്തീർന്നു.

# കണക്കിലെടുക്കേണ്ടത് ചിന്തയാണ്

### ചക്ക്‌വെബ്സ്റ്റർ

നിങ്ങളുടെ കുട്ടിയോ പങ്കാളിയോ ഒരു തികഞ്ഞ ദാനത്തിനായി അതിവാഞ്ഛയോടെ കാത്തിരുന്നിട്ടു ഒരു നിസാരമായതു മാത്രമാണ് കിട്ടിയത്. അതു ആരാണ് അത്ര കാര്യമായിട്ടെടുക്കുന്നത്? ആ സമ്മാനത്തിനു പിന്നിലുള്ള ചിന്തയാണ് വാസ്തവത്തിൽ പ്രാധാന്യമേറിയത്. രാവിലെ ജോലിക്കു പോകുന്നതിനു മുൻപ് ഒരാൾ തന്റെ മകനെ ഒരു ജോലി ഏല്പിച്ചിട്ടാണ് പോയത്. തിരിച്ചു വന്നപ്പോൾ ആ ജോലി പൂർത്തിയാക്കാതെ കിടന്നിരുന്നു. അയാളുടെ ചിന്ത ആ മകനെ കുറിച്ചു തന്നെയായിരിക്കും. ആ മകനെ കാണുമ്പോൾ അവനോടു ചോദിക്കേണ്ടതും പറയേണ്ടതുമായ കാര്യങ്ങളെ കുറിച്ചു ചിന്തിക്കും. ആ കുട്ടിയുടെ ചിന്ത മറ്റൊന്നായിരിക്കും. മൊത്തത്തിൽ മനുഷ്യന്റെ ചിന്തയാണ് നാം കണക്കിലെടുക്കേണ്ടത്. മതപരമായ കാര്യങ്ങളിലും അതു ശരിയാണെന്നു നിങ്ങൾക്കു തോന്നുന്നില്ലേ? മനസ്സിനെ നാം ഉപയോഗിക്കുന്നതാണല്ലൊ ചിന്ത.

നമ്മുടെ വിചാരങ്ങളെ കുറിച്ച് ദൈവം കരുതലുള്ളവനാണ്. യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷാവേളയിൽ അവൻ ആളുകളോടു പല അവസരങ്ങളിൽ അവരുടെ വിചാരങ്ങൾ എന്ത് എന്ന് അന്വേഷിക്കുന്നുണ്ട്. ഹൃദയ നിരൂപണങ്ങൾ അറിഞ്ഞിരുന്നവനായിരുന്നു കർത്താവ് (മത്തായി 9:4; 17:25; ലൂക്കൊസ് 10:36; 13:4). ഹൃദയത്തിനു ഊന്നൽ കൊടുത്തുകൊണ്ട് വേദപുസ്തകത്തിൽ പറയുന്നുണ്ട്. കാരണം നമ്മുടെ ഹൃദയത്തിൽ നിന്നു വിചാരം ഉടലെടുക്കയും അങ്ങനെ അതു പ്രവൃത്തിപഥത്തിൽ എത്തിക്കുകയും

ചെയ്യുന്നു (മത്തായി 5:28; 12:34-35). ഫിലിപ്പിയരെ അപ്പൊസ്തലൻ ഉത്തേജിപ്പിക്കുന്നതു ഈ അവസരത്തിൽ നമുക്കും വളരെ ഫലപ്രദമാണ്. ഒടുവിൽ സഹോദരൻമാരെ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ച്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ (ഫിലിപ്പിയർ 4:8).

നാം ദൈവത്തോടു പ്രാർത്ഥിക്കാറുണ്ട് അല്ലേ? ആ യാചനയിൽ ഉൾപ്പെടുത്തേണ്ട ഒരു കാര്യം നാം മറന്നുപോകരുത്. ശരിയല്ലാത്ത വാക്കുകളോ ചിന്തകളോ നമ്മിൽ വരാതിരിക്കാൻ അതു അത്യാവശ്യമാണ്. ദാവീദിന്റെ പ്രാർത്ഥന കേൾക്കുക: എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ധ്യാനവും നിനക്കു പ്രസാദകരമായിരിക്കട്ടെ (സങ്കീർത്തനങ്ങൾ 19:14). നമ്മുടെ വിചാരങ്ങളും ദൈവത്തിന്റെ വിചാരങ്ങളും വിഭിന്നമാണ്. അതുകൊണ്ട് നാം ഭക്തിയോടെ, പ്രാർത്ഥനയോടെ തിരുവെഴുത്തുകൾ ധ്യാനിക്കണം. അകൃത്യം നമ്മുടെ അധരങ്ങളിൽ നിന്നു പുറപ്പെടാതിരിക്കാൻ സൂക്ഷിക്കണം. നമ്മുടെ ഹൃദയത്തെ നാം വിശുദ്ധമായി സൂക്ഷിക്കണം. എങ്കിൽ മാത്രമെ നമുക്കു ദൈവത്തെ കാണാൻ കഴിയുകയുള്ളു. എങ്കിലേ ദൈവം നമ്മുടെ ഉള്ളിൽ വസിക്കയുള്ളു. നാം ദൈവത്തിനോ ദൈവ നിയമത്തിനോ വിരോധമായി ദോഷം നിരൂപിക്കരുത്. ഹൃദയത്തെ വിശുദ്ധീകരിക്കാൻ യേശുക്രിസ്തുവിന്റെ രക്തം മതിയായതത്രെ. അവന്റെ രക്തത്തോടു ബന്ധപ്പെടുന്നവരുടെ ഹൃദയങ്ങളെ അവൻ നിർമ്മലീകരിക്കുന്നു.

ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിൽ ശരിയായ ചിന്തകൾ നിർബന്ധമായും ഉണ്ടായിരിക്കണം. എന്നാൽ അതു മാത്രം മതി എന്നു കരുതരുത്. ശരിയായ ചിന്ത, ശരിയായ ക്രിയയിലേക്കു നമ്മെ നയിക്കണം. അതായതു ശരിയായ ജീവിതവും സേവനവും നാം നയിക്കണം എന്നർത്ഥം. നേരായി ചിന്തിക്കുവാനും അതേ സമയത്തു തെറ്റു പ്രവർത്തിക്കുവാനും കഴിയും. ഉദാഹരണമായി കൊർന്നെല്യോസിനെ എടുക്കാം. അവന്റെ ഹൃദയത്തിൽ ദോഷമുള്ളതായി ഒന്നുമുണ്ടായിരുന്നില്ല. ലൂക്കൊസ് അവനെ സംബന്ധിച്ച് പറയുന്നത്: അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ

ദൈവത്തെ ഭയപ്പെടുന്നവനായി ജനത്തിനു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം കേട്ട് അനുസരിക്കാതെ ജീവിച്ചിരുന്നു. അതായിരുന്നു അവന്റെ തെറ്റ്. ആകയാൽ പത്രൊസ് അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും സുവിശേഷം അറിയിച്ചു. കൊർന്നെല്യൊസ് സുവിശേഷം കേട്ടപ്പോൾ അവൻ ശരിയായി ചിന്തിക്കാൻ തുടങ്ങി. സുവിശേഷം അനുസരിച്ചു സ്നാനമേറ്റപ്പോൾ അവന്റെ വിചാരങ്ങൾ കണക്കിലെടുത്തു. വെറും ദൈവ ഭക്തിയോ ദാനധർമ്മമോ പ്രാർത്ഥനയോ മാത്രം പോരാ.

അധരം കൊണ്ടു ദൈവത്തെ ബഹുമാനിക്കയും ഹൃദയം ദൈവത്തിൽ നിന്നു അകറ്റി നിർത്തുകയും ചെയ്യുന്നവർ ധാരാളം പഴയനിയമ കാലം മുതൽ ഇന്നുവരെയുണ്ട്. അത്തരം കാപട്യ വിശ്വാസ ജീവിതം ദൈവം വെറുക്കുന്നു (മത്തായി 15:9). ദൈവത്തിന്റെ വിചാരത്തോടു നമ്മുടെ വിചാരങ്ങളെ നാം സാമ്യപ്പെടുത്തി നോക്കണം. ആത്മിയ കാര്യങ്ങളിൽ നമ്മുടെ ചിന്തയുടെ സ്ഥാനം എവിടെ നില്ക്കുന്നു? ദൈവത്തെ ആശ്രയിക്കുന്നവർ അതു എല്ലായ്പ്പോഴും തങ്ങളിൽ സൂക്ഷിക്കണം. ഈ ലോക ജീവിതത്തിനായുള്ള ഒരുപാധിയായി മാത്രം നാം ദൈവിക കാര്യങ്ങളെ കണക്കിലെടുക്കരുത്. ലൗകിക നീതിയേക്കാൾ ദൈവിക നീതിയായിരിക്കണം നമ്മുടെ ഉള്ളിൽ വേണ്ടത്. ധാർമ്മികമോ മതപരമോ ആയ പ്രവർത്തികൾ നാം ചെയ്യുമ്പോൾ അതിൽ ദൈവം സംപ്രീതനാകുമോ എന്നു നാം ചിന്തിക്കണം. നാം ചിന്തിക്കേണ്ട മറ്റൊരു കാര്യം പ്രവർത്തികളുടെ പരിണിത ഫലങ്ങൾ ആണ്. ഓരോ പ്രവർത്തിക്കും അതിന്റേതായ പ്രതിഫലമോ പ്രത്യാഘാതമോ ഉണ്ടാകും എന്നു ഓർമ്മിക്കുക.

മനസ്സാക്ഷിയിൽ ആശ്രയിച്ചു ജീവിക്കുന്നവർ ധാരാളം ഉണ്ട്. കേവലം നല്ല മനസ്സാക്ഷിയോടു കൂടെ ജീവിച്ച മനുഷ്യനായിരുന്നു തർസൊസുകാരനായിരുന്ന ശൗൽ (പ്രവൃത്തി 23:1). താൻ ചെയ്യുന്നതെല്ലാം ശരിയാണെന്നും അതു ദൈവത്തിനു പ്രസാദകരമായിരിക്കും എന്നു ചിന്തിച്ചവനായിരുന്നു അവൻ. എന്നാൽ അവന്റെ ചിന്തകളും പ്രവർത്തികളും തെറ്റായിരുന്നു. അവന്റെ പ്രവർത്തി

കളെല്ലാം കർത്താവിന്റെ സഭയെ ഉപദ്രവിക്കയും മുടിക്കയും ചെയ്യുന്നതിനു വേണ്ടിയായിരുന്നു. അതു കർത്താവിനെ ഉപദ്രവിക്കുന്നതിനു തുല്യമാണ്. പക്ഷെ സത്യം അനുസരിപ്പാനുള്ള നല്ല ഒരു ഹൃദയം അവനുണ്ടായിരുന്നു. അവൻ സത്യം അനുസരിച്ചപ്പോൾ ദൈവം അവനെ ഏറ്റവും പ്രസിദ്ധനായ ദൈവ ശുശ്രൂഷക്കാരനാക്കി ഉയർത്തി (പ്രവൃത്തികൾ 9:1-31).

അപ്പോൾ എന്താണ് പ്രതിവാദം പറയുവാനുള്ളത്? ചിന്തയാണ് നാം പരിഗണനക്കായി എടുക്കേണ്ടത്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാളുടേയും വിചാരവും പ്രവർത്തിയും പരമ പ്രധാനമാണ്. നല്ല ചിന്തകൾ നമ്മെ നല്ല പ്രവർത്തിയിലേക്കു നയിക്കണം. ദൈവത്തെ സേവിക്കേണ്ടവരാണ് എല്ലാവരും അതുകൊണ്ടു എല്ലാവർക്കും ഇതു ബാധകമാണ്. ചിന്തയും ജീവിതവും ഗണനീയം തന്നെ.

✶

# സത്യത്തിന്റെ വില

## ജോണി രാംസെ

സത്യം സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം എന്തെന്നു അറിയുന്നതിനു മുൻപ് സത്യം എന്താണെന്നു അറിയേണ്ടിയിരിക്കുന്നു. അനേകം ആളുകൾ വിചാരിച്ചിരിക്കുന്നത് ഉള്ളതു ഉള്ളതുപോലെ പറയുന്നതു മാത്രമാണു സത്യം എന്നാണ്. പക്ഷെ അതോടൊപ്പം തന്നെ ദൈവത്തിന്റെ വചനമാണ് സത്യം എന്നു നാം തിരിച്ചറിയണം. ദൈവത്തിൽ നിന്നു വരുന്ന പ്രസ്താവനയായാലും കല്പനയായാലും അതു ശരിയായിരിക്കും. എന്നാൽ മനുഷ്യരിൽ നിന്നാണെങ്കിൽ അതു ഭോഷ്ക്ക് ആയിരിക്കാം. അല്ലെങ്കിൽ സത്യം ആയിരിക്കും. ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണ് ഈ ലോകത്തിൽ സത്യമായിട്ടുള്ളത്. അതു തെളിയിക്കപ്പെട്ടതും സ്ഥിരീകരിക്കപ്പെട്ടതുമാണ്. ദൈവഹിതം തന്റെ വചനങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. വേറൊരു രീതിയിൽ

പറഞ്ഞാൽ മനുഷ്യ സ്വഭാവത്തിൽ നിന്നു വ്യത്യസ്തമായ ഒരു സ്വഭാവമാണ് ദൈവത്തിൽ നാം ദർശിക്കുന്നത്. വിശ്വസനീയമായ ഒന്നാണ് സത്യം. അത് ആരും നിഷേധിക്കയില്ല എന്നെനിക്കറിയാം.

യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ എല്ലാം സത്യത്തിന്റെ വില ലോകത്തിനു ബോധ്യപ്പെടുത്തുന്നുണ്ട്. സത്യം അറിയാതിരുന്ന ദൈവ ജനമായിരുന്ന യെഹൂദന്മാരോട് യേശുക്രിസ്തു പറഞ്ഞു: സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്ന് (യോഹന്നാൻ 8:32). സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാതിരിക്കുന്നവർക്കു അനുഭവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ അസംഖ്യമാണ്. അപ്പൊസ്തലനായ പൗലൊസ് പറയുന്നതു: അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാര ശക്തിക്കു ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനു ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാര ശക്തി അയക്കുന്നു (2 തെസലൊനിക്യർ 2:9–12) എന്നത്രെ. ദൈവത്തിന്റെ വചനം ആണ് സത്യമെന്നും ആ സത്യം മനുഷ്യ ഹൃദയങ്ങളെ ശുദ്ധീകരിപ്പാൻ മതിയായതാണെന്നും കർത്താവ് വ്യക്തമാക്കിയിട്ടുണ്ട് (യോഹന്നാൻ 17:17).

## സത്യം ഒരിക്കലും മരിക്കുന്നില്ല

എത്ര കാലം കഴിഞ്ഞാലും സത്യം ഒരിക്കലും ഇല്ലാതാകുന്നില്ല. എത്രനാൾ അടക്കി വെക്കാൻ ശ്രമിച്ചാലും അതു പുറത്തുവരും. നമുക്കു മുൻപ് സംഭവിച്ച പല കാര്യങ്ങളുടേയും നിജസ്ഥിതി ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കയാണല്ലോ. സത്യം എന്നും സത്യം തന്നെയാണ്. സത്യത്തെ അനീതികൊണ്ടു തടുക്കുന്നവർ ഉണ്ടാകാം. പക്ഷെ അധികം നാൾ അതു ചെയ്യാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ യഥാർത്ഥ സത്യത്തെ ഇന്നത്തെ മതപരമായ ലോകം മറെച്ചു വച്ചിരിക്കയാണ്. സത്യാന്വേഷികൾ ബൈബിൾ സത്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. സത്യദാഹികളായ വിശ്വാസികൾ

വർദ്ധിച്ചുവരിക തന്നെ ചെയ്യും. അതല്ലാതെ മറ്റൊരു രക്ഷയും മനുഷ്യർക്ക് ഇല്ല. സത്യം എത്ര മൗനമായി കണ്ടാലും തക്ക സമയത്ത് ശക്തിയോടെ പുറത്തു വരും. നമുക്ക് ഓരോരുത്തർക്കും നമ്മുടെ കാലയളവിൽ തന്നെ അനുഭവപ്പെടുന്നുണ്ട്. എത്ര വലിയ നശീകരണ സംഭവങ്ങൾ നേരിട്ടാലും സത്യത്തെ നശിപ്പിക്കാൻ സാദ്ധ്യമല്ല. ദൈവ നിശ്ചയത്തെ മാറ്റുവാൻ പറ്റിയ ശക്തി മറ്റൊന്നില്ല. അമാനുഷികമായ ശക്തി അടങ്ങുന്നതാണ് ദൈവിക സത്യം. മനുഷ്യനിലെ ഭാഗങ്ങളെ ഓരോന്നായി വേർപെടുത്തുന്ന ശക്തിയാണ് ദൈവവചനത്തിലുള്ളത് (എബ്രായർ 4:12). ചിന്തകളെയും ജീവിതത്തെ തന്നേയും മാറ്റുവാൻ കഴിയുന്ന സത്യത്തെ വില കുറച്ചു കാണാൻ ആർക്കു കഴിയും? ഒരു കെട്ടിടം നിലനില്ക്കണമെങ്കിൽ അടിസ്ഥാനം ഉറപ്പുള്ളതായിരിക്കണം എന്ന് നമുക്ക് അറിയാം. ജീവിതം ഉറപ്പുള്ളതാകണമെങ്കിൽ സത്യം ആ വ്യക്തിയിൽ ഉണ്ടാകണം.

സത്യത്തെ അവജ്ഞയോടെ കാണുന്നവരെയും സത്യത്തിനു വേണ്ടി മരിക്കാൻ തയ്യാറായവരേയും ബൈബിൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. സത്യത്തെ നിഷേധിക്കുന്നവരും സത്യത്തെ മുറുകെ പിടിക്കുന്നവരും ആയിട്ട് ഇവരെ തരം തിരിക്കാം. ദുഷ്ട രാജാവായിരുന്ന യെഹോയാക്കിം ദൈവ വചനത്തെ വെറുക്കുന്നവനും ദൈവത്തിന്റെ അരുളപ്പാടുകളെ നശിപ്പിക്കാൻ ശ്രമിച്ചതിനും നല്ലൊരു ഉദാഹരണമാണ് (യിരെമ്യാവ് 36). ധീരനായ പ്രവാചകനായിരുന്നു ഏലിയാവ്. എന്നാൽ സത്യ ദൈവ ഭക്തിക്കുവേണ്ടി ചെറുത്തു നിന്നതുകൊണ്ടു കുണ്ടറയിൽ അടയ്ക്കപ്പെട്ടു. സത്യം മണ്ണിനടിയിൽ കുഴിച്ചിട്ടാൽ പോലും ഉയിർക്കപ്പെടും. ദുഷ്ട മനുഷ്യർ ദൈവ പദ്ധതിയുടെ വിജയത്തിൽ അസൂയ പൂണ്ടു രക്ഷിതാവിനെ ക്രൂശിൽ തറെച്ചു കൊല്ലുവാൻ ഏല്പിച്ചുകൊടുത്തു (മർക്കൊസ് 15:10). സത്യത്തെ കൈക്കൊള്ളുവാൻ ഭൂരിഭാഗം പേർക്കും കഴിഞ്ഞില്ല. യേശു ആരായിരുന്നു എന്ന സത്യം അവന്റെ ഉയിർത്തെഴുന്നേല്പിലൂടെ വീണ്ടും തെളിയിച്ചു.

✶

## വാർത്തകൾ

Healing Hands International an USA based NGO supported by the Churches of Christ worldwide, had distributed shelters consisting of Tin sheets for 107 families at a cost of Rs.1,67076

They were affected by the Sidr. Cyclone and floods due to heavy rains during the 2nd week of November 2007.

The Bangladesh Church of Christ assisted to do the work there.

✶

### ഗുജറാത്ത് കലാപം: 3.5 ലക്ഷം വീതം നഷ്ടപരിഹാരം

ഗുജറാത്തിലുണ്ടായ വർഗ്ഗീയ കലാപത്തിൽ കൊല്ലപ്പെട്ട 1169 പേരുടെ കുടുംബങ്ങൾക്കു 3.5 ലക്ഷം രൂപ വീതം കേന്ദ്ര മന്ത്രിസഭ നഷ്ടപരിഹാരം അനുവദിച്ചു. പരുക്കേറ്റ 2548 പേർക്ക് 1.5 ലക്ഷം രൂപ വീതം നൽകും. ആകെ 333 കോടി രൂപയുടെ ദുരിതാശ്വാസ പുനരധിവാസ പാക്കേജിനാണ് അനുമതി.

✶

### ഉടൻ പൂർത്തിയാകുന്നത് 30 ലക്ഷത്തിന്റെ പണികൾ

തമ്പാനൂർ, കിഴക്കേക്കോട്ട ഭാഗങ്ങളിലെ വെള്ളക്കെട്ടു പരിഹരിക്കുന്നതിനുള്ള ഹ്രസ്വകാല പദ്ധതിയുടെ പണികൾ 31

നകം അടിയന്തരമായി പൂർത്തിയാക്കും. ഇപ്പോൾ നടക്കുന്ന പണികളുടെ പുരോഗതി വിലയിരുത്താൻ കലക്ടറേറ്റിൽ ചേർന്ന യോഗത്തിനു ശേഷം മേയർ സി. ജയൻ ബാബു, എംഎൽഎമാരായ വി. ശിവൻകുട്ടി, വി. സുരേന്ദ്രൻപിള്ള എന്നിവർ അറിയിച്ചതാണിത്. അവലോകന യോഗത്തിൽ കലക്ടർ സഞ്ജയ് എം.കൗൾ, ആർഡിഒ, തഹസിൽദാർ കൃഷ്ണകുമാർ, പൊതുമരാമത്ത്, ഇറിഗേഷൻ, കോർപറേഷൻ ഉദ്യോഗസ്ഥർ, പോലീസ് ഉന്നതർ തുടങ്ങിയവർ പങ്കെടുത്തു.

*

## നട്ടെല്ലു തകർന്നവർക്കു പുതിയ പ്രതീക്ഷ; മലയാളി ഡോക്ടർമാരുടെ ഗവേഷണം വിജയത്തിലേക്ക്

അപകടങ്ങളിൽപ്പെട്ട് നട്ടെല്ലിനു പരുക്കേറ്റു ജീവിതകാലം മുഴുവൻ കിടക്കയിൽ കഴിയേണ്ടിവരുന്ന അനേകായിരങ്ങൾക്കു പ്രതീക്ഷയേകി മലയാളി ഡോക്ടർമാരുടെ ഗവേഷണം അന്തിമഘട്ടത്തിലേക്ക്. തളർന്നുപോയ സുഷുമ്നാകാണ്ഡത്തെ പുനരുജ്ജീവിപ്പിക്കാനുള്ള ചികിൽസയ്ക്കു വഴിയൊരുക്കുന്ന കണ്ടുപിടിത്തം നടത്തിയതു കോട്ടയം മെഡിക്കൽ കോളജിലെ അസ്ഥിരോഗ വിഭാഗം മേധാവി ഡോ. പി.എസ്. ജോണിന്റെയും കുസാറ്റിലെ സെന്റർ ഫോർ ന്യൂറോ സയൻസ് മേധാവി ഡോ. സി.എസ്. പൗലോസിന്റെയും നേതൃത്വത്തിലുള്ള ഗവേഷക സംഘമാണ്.

*

## ഭൂകമ്പ മരണം 80,000 കവിയുമെന്നു ചൈന

തെക്കു പടിഞ്ഞാറൻ ചൈനയിൽ കഴിഞ്ഞയാഴ്ച്ചയുണ്ടായ ഭൂകമ്പത്തിൽ എൺപതിനായിരത്തിലേറെ പേർ മരിച്ചതായി ചൈനീസ് ഭരണകൂടം സ്ഥിരീകരിച്ചു.

## മെഡി. കോളേജ് അത്യാഹിത വിഭാഗത്തിലെ ഇസിജി യന്ത്രങ്ങൾ തകരാറിൽ

മെഡിക്കൽ കോളേജ് ആശുപത്രി അത്യാഹിത വിഭാഗത്തിലെ ഇസിജി യന്ത്രങ്ങൾ തകരാറിലായതിനെത്തുടർന്ന് റിപ്പോർട്ടുകൾ ശരിയായി ലഭിക്കുന്നില്ലെന്നു പരാതി.

അത്യാഹിത വിഭാഗത്തിലെ മൂന്ന് ഇസിജി യന്ത്രങ്ങളും മാസങ്ങളായി തകരാറിലാണ്.

★

## വിദ്യാർത്ഥികളുടെ ആത്മവിശ്വാസക്കുറവ് മാറ്റേണ്ടത് രക്ഷിതാക്കൾ: വെങ്കിട്ടരാമൻ

ജോലി തേടുമ്പോഴും കോഴ്സ് തിരഞ്ഞെടുക്കുമ്പോഴും വിദ്യാർത്ഥികൾക്ക് ആദ്യവസാനം വേണ്ടത് ആത്മവിശ്വാസമാണെന്നു പ്രൊഫ. വെങ്കിട്ടരാമൻ.

ഹൊറൈസൺ വിദ്യാഭ്യാസ പ്രദർശനത്തോടനുബന്ധിച്ചു നടത്തിയ സെമിനാറിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

★

## തീപിടിത്തം: പിഞ്ചുബാലികയെ സഹോദരങ്ങൾ രക്ഷപ്പെടുത്തി

കത്തിയെരിയുന്ന കുടിലിൽ നിന്നു രണ്ടരവയസ്സുകാരിയെ നാലു വയസ്സു പ്രായമുള്ള സഹോദരങ്ങൾ രക്ഷപ്പെടുത്തി. പോത്തംപാടം ചുമട്ടുപാടത്തിലെ ശശിയുടെ മകൾ വിസ്മയയാണ് അത്ഭുതകരമായി രക്ഷപ്പെട്ടത്. വിസ്മയയുടെ ചേച്ചി അശ്വനിയുടെയും മാതൃസഹോദരന്റെ മകൻ നിഥിന്റെയും മനഃസാന്നിധ്യവും ധൈര്യവുമാണ് കുഞ്ഞനുജത്തിയുടെ ജീവൻ കാത്തത്.

★

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

**Hindi**
Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019

**Malayalam**
Friday 3.45-4.00 P.M.
Speaker: P.K. Varghese, **Church of christ**
Thampuranmukku, Trivandrum-35
Sathyanadam TV Program on every Saturday at 6 a.m. in Jaihind TV.

**Tamil**
Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.
Speaker: P.R. Swamy, Box 8405
Bangalore-560084

**Telugu**
Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 June**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2008

*Join us to worship God in Spirit and Truth*
*The*

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378